

FRIDAY 28/11/2025 വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor: SINDHU. KS Editor: Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/11/2025

1. 2025 വർഷത്തെ ലോക മണ്ണ് ദിനത്തോടനുബന്ധിച്ച് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് ജില്ലയിലെ സ്കൂൾ, കോളജ് വിദ്യാർഥികൾക്കായി പെയിന്റിംഗ്, ഉപന്യാസ രചന (മലയാളം/ഇംഗ്ലീഷ്), കാർഷിക ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ഉപന്യാസ രചന, കാർഷിക ക്വിസ് മത്സരങ്ങൾ എച്ച് എസ്/എച്ച് എസ് എസ് വിഭാഗം വിദ്യാർഥികൾക്ക് മാത്രം. ഈ മാസം 29 ന് , തിരുവനന്തപുരം പാറോട്ടു കോണത്തുള്ള സംസ്ഥാന സോയിൽ മ്യൂസിയത്തിലാണ് മത്സരങ്ങൾ. താല്പര്യമുള്ളവർ ഇന്ന് വൈകിട്ട് 5 മണിക്കകം രജിസ്റ്റർ ചെയ്യണം. ഗൂഗിൾ ഫോം (tthps://forms.gle/XFU3NmFT5KK4KG1T9), worldosildaykerala 2025@gmail.com / (0471 2541776, 9544727095, 7025802695) മുഖേനയോ പേരുകൾ രജിസ്റ്റർ ചെയ്യുക .

2. ജൈവ കർഷകർക്കുള്ള അക്ഷയശ്രീ അവാർഡ് – 2025 ലേക്ക് അപേക്ഷ ക്ഷണിച്ചു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സരോജിനി – ദാമോദരൻ ഫൗണ്ടേഷന്റെ സാരഥിയും,

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഇൻഫോസിസിൻറെ സ്ഥാപകരിൽ ഒരാളുമായ ശ്രീ ഷിബുലാലും കുടുംബവുമാണ് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2009 മുതൽ അക്ഷയശ്രീ അവാർഡ് നൽകിവരുന്നത്. 17–ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷയാണ് ക്ഷണിച്ചിരിക്കുന്നത്. സംസ്ഥാനതലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് രണ്ടു ലക്ഷം (Rs. 2,00,000) രൂപയും ജില്ലാതലത്തിൽ 50,000/– രൂപാ വീതമുള്ള 14 അവാർഡുകളും, മട്ടുപ്പാവ്, സ്കൂൾ, കോളേജ്, വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകളിൽ മികച്ച രീതിയിൽ ജൈവകൃഷി ചെയ്യുന്നവർക്ക് 10,000/– രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളുമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ മൂന്നു വർഷത്തിലധികമായി പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിയുടെ ലഘു വിവരണവും പൂർണമായ മേൽവിലാസവും വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും 2 ഫോൺ നമ്പരും, ജില്ലയും അപേക്ഷയിൽ എഴുതിയിരിക്കണം. ഫോട്ടോകളോ, മറ്റു സർട്ടിഫിക്കറ്റുകളോ അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതില്ല.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷകൾ ലഭിക്കേണ്ട അവസാന തീയതി 2025 നവംബർ 30. അപേക്ഷ അയക്കേണ്ട വിലാസം : കെ. വി. ദയാൽ, അവാർഡ് കമ്മറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഒ., ആലപ്പുഴ – 688 525. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9447152460.

3. നാളികേര വികസന ബോർഡിന്റെ ഫാമിൽ ഉല്പാദിപ്പിച്ച നല്ലയിനം നാടൻ (വെസ്റ്റ് കോസ്റ്റ് നെടിയ ഇനം WCT) തെങ്ങിൻ തൈകൾ നൂറ് രൂപ നിരക്കിൽ 28.11.2025 ന് വെള്ളിയാഴ്ച്ച നാളികേര വികസന ബോർഡിന്റെ കൊച്ചി ആസ്ഥാനത്ത് വില്പന നടത്തുന്നു. മുൻകൂട്ടി ബുക്കിംഗിനും മറ്റ് വിവരങ്ങൾക്കുമായി വിളിക്കേണ്ട നമ്പർ 0485 2554240. തൈകളുടെ വിൽപന 28.11.2025 ന് മാത്രമായിരിക്കും. ഫാമിലെ മറ്റ് കാർഷിക ഉത്പ്പന്നങ്ങളു ടെ വിൽപനയും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Soil Health Management" എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാദ്ധ്യമം. 50% മാര്ക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ് സൈറ്റിലെ 'ഇ-കൃഷി പാഠശാല' കയറി രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്. കോഴ്സ് ആരംഭിക്കുന്ന തിയ്യതി 2025 ഡിസംബർ 15. 2026 ജനുവരി 15ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾ പ്രസ്തുത വെബ് സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

5. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) നടപ്പിലാക്കി വരുന്ന **കോൺട്രാക്ട്- കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ** പദ്ധതിയിലേയ്ക്ക് -കർഷകരെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ കുടുംബശ്രീ യൂണിറ്റുകൾ / ഇറച്ചി കോഴിവളർത്തുന്ന കർഷകർ എന്നിവരിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു. ഒരു ദിവസം പ്രായമുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ, നൽകി 40 ദിവസം അല്ലെങ്കിൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2 കിലോ ആകുമ്പോൾ ഇറച്ചികോഴികളെ തിരിച്ചെടുക്കുന്ന പദ്ധതിയാണ് ഇത്. ഇത് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി തിരുവനന്തപുരം പേട്ടയിൽ സ്ഥിതി ചെയ്യുന്ന കെപ്കോയുടെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 11.00 മുതൽ വൈകുന്നേരം 3.00 മണിവരെയുള്ള സമയത്ത് 9495000922, 0471 –2468585 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. പൂക്കോട് വെറ്ററിനറി സർവ്വകലാശാലയുടെ കീഴിലുള്ള ഇൻസ്ട്രക്ഷണൽ ലൈവ്സ്റ്റോക്ക് ഫാമിൽ 100 ടണ്ണിൽ പരം ചാണകം കിലോയ്ക്ക് 1.75 രൂപ ( ഒരു രൂപ 75 പൈസ) എന്ന നിരക്കിൽ ലഭ്യമാണ്. ആവശ്യക്കാർ സ്വന്തം നിലയിൽ ലോഡ് ചെയ്ത് കൊണ്ടുപോകാവുന്നതാണ്. **ഫോൺ നമ്പർ: 8848350105, 9497720137.**

## പരിശീലന പരിപാടി

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഷീറ്റ്റബ്ബർ സംസ്കരണം, തരംതിരിക്കൽ എന്നിവയിൽ ഡിസംബർ 08, 09 തീയതികളിൽ പരിശീലനം നടത്തുന്നു. റബ്ബർപാൽ സംഭരണം, ഷീറ്റ്റബ്ബർനിർമാണം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പുകപ്പുരകൾ, ഗ്രേഡിങ് സംബന്ധിച്ച 'ഗ്രീൻബുക്ക്' നിബന്ധനകൾ എന്നിവയാണ് പരിശീലന വിഷയങ്ങൾ. പരിശീലന മാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 04812353127, 9497487209 എന്നീ ഫോൺ നമ്പരുകളിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം. ഇ മെയിൽ – **training@rubberboard.org.in**.

**8. കാർഷിക നിർദേശം**

1.കുരുമുളകിൽ ഫൈറ്റോഫ് തോറ ആക്രമണം തടയുന്നതിനായി ബോഡോ മിക്സ്ച്ചർ 1 % തളിക്കുക. കോപ്പർ ഓക്സി ക്ലോറൈഡ് 4 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച ചെടിയുടെ ചുവട്ടിൽ ഒഴിച്ച് കൊടുക്കുക.

2.കാബേജ്/കോളിഫ്ലവർ –തല അഴുകൽ നിയന്ത്രിക്കുന്നതിനായി ട്രൈക്കോഡെർമ ചേർത്ത് സമ്പുഷ്ടമാക്കിയ ചാണകപ്പൊടി ഉപയോഗിക്കുക. സ്യൂഡോമൊണാസ് (20 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ) ഇടക്കിടക്ക് തളിക്കുക. രോഗബാധ രൂക്ഷമാണെങ്കിൽ മാങ്കോസെബ് 25 ഗ്രാം 1 ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക